REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ബ്രസീലിലെ റിയോഡി ജനീറോയിൽ G20 ഉച്ചകോടിയിൽ ഇന്ന് പങ്കെടുക്കും.**
- **മണിപ്പൂരിലെ സുരക്ഷാ സ്ഥിതി ചർച്ച ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് വിശദമായ യോഗം വിളിച്ചു.**
- **പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം വൈകിട്ട് അവസാനിക്കും. മഹാരാഷ്ട്രയിലും ജാർഖണ്ഡിലും നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണവും ഇന്ന് തീരും.**
- **സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം ആലപ്പുഴയിൽ ഇന്ന് സമാപിക്കും.**
- **വന്യമൃഗശല്യം മൂലം കർഷകർ കാർഷിക വൃത്തിയിൽ നിന്ന് പിന്നാക്കം പോകുന്നതായി കോഴിക്കോട് ജില്ലാ കാർഷിക വികസന സമിതി.**
- **വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻസ് ട്രോഫിയിൽ ഇന്ത്യ സെമിയിൽ**

## വാർത്തകൾ വിശദമായി

ബ്രസീലിലെ റിയോഡി ജനീറോയിൽ G 20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ഉച്ചകോടിക്കിടെ ലോക നേതാക്കളുമായി മോദി പ്രത്യേക കൂടിക്കാഴ്ച നടത്തുമെന്നും പ്രതീക്ഷിക്കുന്നു. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി പുലർച്ചെ ബ്രസീലിലെത്തി.

ഡെസ്ക് റിപ്പോർട്ട്

.....വോയ്സ്.....

ഇന്നും നാളെയുമായി നടക്കുന്ന G20 ഉച്ചകോടിയിൽ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗ് എന്നിവരും പങ്കെടുക്കും. വിവിധ ആഗോള പ്രശ്നങ്ങളിൽ ഇന്ത്യയുടെ നിലപാടുകൾ പ്രധാനമന്ത്രി ഉച്ച കോടിയിൽ അവതരിപ്പിക്കും.

'നിഷ്ഠമായ ഒരു ലോകവും സുസ്ഥിര ഗ്രഹവും നിർമ്മിക്കുക' എന്നതാണ് ഈ വർഷത്തെ G20 ഉച്ചകോടിയുടെ പ്രമേയം.

അതിനിടെ, നൈജീരിയൻ സമ്പദ്വ്യവസ്ഥയിൽ ഇന്ത്യക്കാർ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. നൈജീരിയയിലെ അബുജയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ കമ്പനികൾ നൈജീരിയൻ സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുകയാണെന്നും പ്രധാനമന്ത്രി അറിയിച്ചു. നൈജീരിയയിൽ താമസിക്കുന്ന ഇന്ത്യക്കാരാണ് യോഗയെ ജനപ്രിയമാക്കിയതെന്നും മോദി പറഞ്ഞു. തനിക്ക് നൈജീരിയയുടെ ദേശീയ അവാർഡ് നൽകിയതിന് നൈജീരിയൻ പ്രസിഡന്റ് ബോല അഹമ്മദ് ടിനുബുവിന് മോദി നന്ദി പറഞ്ഞു. ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി 30 മടങ്ങ് വർധിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

മണിപ്പൂരിലെ സുരക്ഷാ സ്ഥിതി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഡൽഹിയിൽ മുതിർന്ന ഉദ്യോഗസ്ഥരുമായി അവലോകനം ചെയ്തു. ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തരമന്ത്രി ഇന്ന് വിശദമായ യോഗം വിളിച്ചിട്ടുണ്ടെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ ന്യൂഡൽഹിയിൽ അറിയിച്ചു.

മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സുരക്ഷാ സേനയ്ക്ക് നിർദേശം നൽകിയതായി ആഭ്യന്തര മന്ത്രാലയം അറിയിച്ചു. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി സംസ്ഥാനത്ത് സുരക്ഷാ സ്ഥിതി മോശമാണ്.

സംഘട്ടനത്തിലേർപ്പെട്ടിരിക്കുന്ന രണ്ട് സമൂഹങ്ങളിലെ സായുധരായ അക്രമികൾ അക്രമത്തിൽ ഏർപ്പെടുകയാണെന്നും ഇത് ജീവൻ നഷ്ടപ്പെടുന്നതിനും ക്രമസമാധാനം തടസ്സപ്പെടുത്തുന്നതിനും കാരണമായെന്നും മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്നും ആഭ്യന്തരമന്ത്രാലയം വ്യക്തമാക്കി.

✪✪✪

മണിപ്പൂരിലെ BJP ഗവൺമെന്റിനു നൽകി വന്ന പിന്തുണ നാഷണൽ പീപ്പിൾസ് പാർട്ടി പിൻവലിച്ചു. NPP ദേശീയ അധ്യക്ഷൻ കോൺറാഡ് K. സാങ്മയാണ് പാർട്ടി തീരുമാനം BJP ദേശീയ അധ്യക്ഷൻ JP നദ്ദയെ അറിയിച്ചത്. മണിപ്പൂരിലെ ക്രമസമാധാന നിലയെക്കുറിച്ച് NPP ആശങ്കാകുലരാണെന്നും കഴിഞ്ഞ കുറച്ച് ദിവസങ്ങളായി നിരവധി നിരപരാധികളുടെ ജീവൻ നഷ്ടപ്പെട്ട സാഹചര്യം സ്ഥിതി കൂടുതൽ വഷളായിട്ടുണ്ടെന്നും സാംഗ്മ എഴുതിയ കത്തിൽ പറയുന്നു.

മണിപ്പൂർ നിയമസഭയിൽ NPPക്ക് ഏഴും BJPക്ക് മുപ്പത്തി രണ്ടും MLAമാരാണുള്ളത്. N. ബിരേൻ സിങ് ഗവൺമെന്റിനെ NPF, ജെഡി (യു) കക്ഷികളും, കക്ഷിരഹിതരും പിന്തുണയ്ക്കുന്നുണ്ട്.

✪✪✪

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം വൈകിട്ട് അവസാനിക്കും. 34 ദിവസം നീണ്ടുനിന്ന പാലക്കാട് ഇതുവരെ കണ്ടിട്ടില്ലാത്ത പ്രചാരണത്തിനാണ് ഇന്ന് കൊട്ടിക്കലാശം. നേതാക്കളുടെ മുന്നണിമാറ്റവും കള്ളപ്പണാരോപണവും വ്യാജവോട്ടും ഉൾപ്പെടെ ഒട്ടേറെ വിഷയങ്ങളാണ് പ്രചാരണകാലത്ത് പാലക്കാട്ട് കൊട്ടികയറിയത്. വൈകിട്ടത്തെ കൊട്ടിക്കലാശം ഗംഭീരമാക്കാൻ ശ്രമത്തിലാണ് മുന്നണികളും സ്ഥാനാർത്ഥികളും. നാളെ നിശബ്ദ പ്രചാരണ സമയത്ത് അവസാന തന്ത്രങ്ങളും പുറത്തെടുത്ത് വോട്ടുറപ്പിക്കാൻ ഒടുവിലത്തെ ശ്രമങ്ങൾക്കും മണ്ഡലം സാക്ഷിയാകും. വോട്ടെടുപ്പ് മറ്റന്നാൾ രാവിലെ ഏഴിന് ആരംഭിച്ച് വൈകിട്ട് ആറിന് അവസാനിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.

.......വോയ്സ്.......

പാലക്കാട് ഇന്ന് പരസ്യ പ്രചാരണം അവസാനിക്കുമ്പോൾ ആരംഭം മുതൽ ഉണ്ടായ രാഷ്ട്രീയ വിവാദങ്ങൾക്കും ,കളം മാറലുകൾക്കും ആരോപണ പ്രത്യാരോപണങ്ങൾക്കും ഇടയിലും പരമാവധി വോട്ടർമാരെ നേരിൽ കാണാൻ കഴിഞ്ഞതിന്റെ ആവേശത്തിലും ആത്മ വിശ്വാസത്തിലുമാണ് സ്ഥാനാർത്ഥികൾ. വൈകീട്ട് നഗരത്തിലെ സ്റ്റേഡിയം സ്റ്റാന്റ് പരിസരത്താണ് മുന്നണികളുടെ കൊട്ടിക്കലാശം നടക്കുക.എൽ.ഡി.എഫ് സ്ഥാനാർഥി ഡോ.പി സരിൻ ഇൻഡോർ സ്റ്റേഡിയം പരിസരത്ത് നിന്ന് കൊട്ടിക്കലാശത്തിന് തുടക്കം കുറിക്കും.യു.ഡി.എഫ് സ്ഥാനാർഥി

രാഹുൽ മാങ്കൂട്ടത്തിലിന്റെ കൊട്ടിക്കലാശം ഒലവക്കോട്ട് നിന്ന് ആരംഭിക്കും.മേലാമുറിയിൽ നിന്നാണ്

എൻ.ഡി.എ സ്ഥാനാർഥി സി.കൃഷ്ണകുമാർ കൊട്ടിക്കലാശത്തിന് തുടക്കം കുറിക്കുക.കൊട്ടിക്കലാശത്തിലും നാളെ നിശബ്ദ പ്രചാരണത്തിലും മുന്നണികളും സ്ഥാനാർത്ഥികളും തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം കർശനമായി പാലിക്കണമെന്ന് ജില്ലാ കളക്ടർ ഡോ .എസ് .ചിത്ര ആവശ്യപ്പെട്ടു.ഉപതെരഞ്ഞെടുപ്പിന്റെ കൊട്ടിക്കലാശം കണക്കിലെടുത്ത് വൈകീട്ട് 4 മണിമുതൽ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിന്റേയും ജാർഖണ്ഡ് നിയമസഭയിലേക്ക് രണ്ടാം ഘട്ട വോട്ടെടുപ്പിന്റേയും പരസ്യപ്രചാരണവും ഇന്ന് അവസാനിക്കും. രണ്ടിടത്തും മറ്റന്നാളാണ് വോട്ടെടുപ്പ്. മഹാരാഷ്ട്രയിൽ 288 അംഗ നിയമസഭയിലേക്ക് ഒറ്റഘട്ടത്തിലായാണ് വോട്ടെടുപ്പ്. ജാർഖണ്ഡിൽ 38 മണ്ഡലങ്ങളാണ് രണ്ടാം ഘട്ടത്തിൽ വിധിയെഴുതുന്നത്. 81 അംഗ നിയമസഭയിലെ 43 മണ്ഡലങ്ങളിൽ ഈ മാസം 13ന് വോട്ടെടുപ്പ് പൂർത്തിയായിരുന്നു.

വയനാട്, ചേലക്കര, പാലക്കാട് എന്നിവയോടൊപ്പം മഹാരാഷ്ട്രയുടേയും ജാർഖണ്ഡിന്റേയും ജനവിധി ശനിയാഴ്ച അറിയാം.

✪✪✪

മുൻ രാഷ്ട്രപതി ഡോ. APJ അബ്ദുൾ കലാമിന്റെ പ്രസ് സെക്രട്ടറിയായിരുന്ന SM ഖാൻ അന്തരിച്ചു. അദ്ദേഹത്തിന് 67 വയസ്സായിരുന്നു. രോഗബാധയെ തുടർന്ന് ന്യൂഡൽഹിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. 1982 ബാച്ച് ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് ഓഫീസറായിരുന്ന SM ഖാൻ വാർത്താ വിഭാഗം ഡയരക്ടർ ജനറലായും പ്രവർത്തിച്ചിട്ടുണ്ട്.

പ്രസ് ഇൻഫർമേഷൻ ബ്യൂറോ, DD ന്യൂസ്, പ്രസ് രജിസ്ട്രാർ, RNI, CBI വക്താവ് എന്നീ നിലകളിലും SM ഖാൻ സേവനം അനുഷ്ടഠിച്ചിരുന്നു.

✪✪✪

വസ്ത്ര നിർമ്മാണ വ്യവസായത്തിന് ഉത്തേജനം നൽകാൻ ലക്ഷ്യമിട്ടാണ് കേന്ദ്ര ഗവൺമെന്റ് വിഷൻ നെക്സ്റ്റ് പദ്ധതി ആവിഷ്കരിച്ചതെന്ന് കേന്ദ്ര മന്ത്രി ഗിരിരാജ് സിംഗ് കിഷോർ പറഞ്ഞു. ഇന്ത്യയുടെ ടെക്സ്റ്റൈൽ ഡിസൈനിംഗ് വ്യവസായം 176 ബില്യൺ ഡോളർ വളർച്ച കൈവരിച്ചതായും 2030ൽ ഇത് 350 ബില്യൺ ഡോളറിലെത്തുമെന്നും അദ്ദേഹം പറഞ്ഞു. നാല് കോടി അറുപത്

ലക്ഷം ആളുകൾ നിലവിൽ ടെക്സ്റ്റേയ്ൽ വ്യവസായ രംഗത്ത് ജോലി ചെയ്യുന്നുണ്ടെന്നും 2030 ൽ ഇത് 6 കോടിയായി വളരുമെന്നാണ് പ്രതീക്ഷയെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയിൽ നടന്ന അവലോകന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കേന്ദ്ര മന്ത്രി.

✪✪✪

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം ആലപ്പുഴയിൽ ഇന്ന് സമാപിക്കും. 1010 പോയിന്റുമായി മലപ്പുറം കിരീടം ഉറപ്പാക്കി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ആർ രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്.

.....വോയ്സ്.....

✪✪✪

വന്യമൃഗ ശല്യം മൂലം കർഷകർ കാർഷിക വൃത്തിയിൽ നിന്ന് പിന്നാക്കം പോകുന്നതായും ഇത് കാർഷിക മേഖലയെ തളർത്തുന്നതായും കോഴിക്കോട് ജില്ലാ കാർഷിക വികസന സമിതി യോഗം അഭിപ്രായപ്പെട്ടു.

വന്യമൃഗശല്യം മലയോര മേഖലയിൽ നിന്നും നഗരാതിർത്തികളിലേക്ക് വ്യാപിച്ചതായും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം വിലയിരുത്തി. ജില്ലയിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദേശിച്ചു പദ്ധതികൾ ഗവൺമെന്റിന് സമർപ്പിക്കാനുമായി അടുത്ത മാസം കർഷകരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന മുഖാമുഖം സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു.

ഈ വർഷം സംസ്ഥാനതല കർഷക അവാർഡുകൾ നേടിയ K നിഷ ജയ്സൽ , ജസൽ എന്നിവരെ യോഗത്തിൽ ആദരിച്ചു.

✪✪✪

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻസ് ട്രോഫിയിൽ ഇന്ത്യ സെമിയിൽ പ്രവേശിച്ചു. ബിഹാറിലെ രാജ്ഗിറിൽ അവസാന ലീഗ് റൗണ്ട് പോരാട്ടത്തിൽ ജപ്പാനെ എതിരില്ലാത്ത മൂന്ന് ഗോളിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിൽ പ്രവേശിച്ചത്.

നാളെ നടക്കുന്ന സെമിയിൽ ജപ്പാനാണ് ഇന്ത്യയുടെ എതിരാളി, മറ്റൊരു സെമിയിൽ ചൈന മലേഷ്യയെ നേരിടും.

✪✪✪

മലബാറിന്റെ വിനോദസഞ്ചാര വികസനത്തിൽ നാഴികക്കല്ലായി ഉത്തര മലബാർ ജലോത്സവം മാറുമെന്ന് നിയമസഭാ സ്പീക്കർ AN ഷംസീർ പറഞ്ഞു.

കാസർഗോഡ് അച്ചാംതുരുത്തിയിൽ ഉത്തര മലബാർ ജലോത്സവം ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

മണ്ഡല മകരവിളക്ക് കാലത്ത് അപകട നിരക്ക് കുറയ്ക്കാൻ തീർത്ഥാടക വാഹനങ്ങൾക്ക് കോട്ടയം ജില്ലാ പോലീസ് ഒരുക്കിയ മുന്നറിയിപ്പ് വീഡിയോയും, അതിന്റെ QR കോഡും പ്രകാശനം ചെയ്തു.

കോട്ടയം പോലീസ് ക്ലബ്ബിൽ നടന്ന ചടങ്ങിൽ മന്ത്രി VN വാസവൻ പ്രകാശനം നിർവഹിച്ചു. മലയാളം, തമിഴ്, കന്നട, തെലുങ്ക് ഭാഷകളിലാണ് വീഡിയോ പുറത്തിറക്കിയിരിക്കുന്നത്.

വിവിധ സംസ്ഥാനങ്ങളിൽ നിന്നും നെല്ലാപ്പാറ, മുണ്ടക്കയം തുടങ്ങിയ ജില്ലാ അതിർത്തിയിൽ എത്തുന്ന തീർത്ഥാടക വാഹനങ്ങൾക്കായി പ്രധാന അപകട മേഖലകളുടെ ഗൂഗിൾ മാപ്പും, മുൻകാല അപകടങ്ങളുടെ ഫോട്ടോകളും, സ്ഥലവിവരണവും ഉൾപ്പെടുത്തിയാണ് വീഡിയോ നിർമ്മിച്ചിരിക്കുന്നത്.

✪✪✪

ശബരിമല തീർത്ഥാടനം വിജയമാക്കാൻ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് നീങ്ങുമെന്ന് ശബരിമല ADM അരുൺ കുമാർ പറഞ്ഞു.

തീർത്ഥാടനം വിജയകരമായി നടത്തുന്നതുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് കോൺഫറൻസ് ഹാളിൽ ചേർന്ന അവലോകനയോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ശബരിമലയിൽ തീർത്ഥാടകൻ കുഴഞ്ഞ് വീണ് മരിച്ചു. ആന്ധ്രാപ്രദേശ് വിജയപുരം സ്വദേശി മുരുകാചാരിയാണ് മരിച്ചത്. പമ്പയിൽ നിന്നും ശബരിമല കയറവെ നീലിമല ഭാഗത്തുവച്ച് ദേഹാസ്വാസ്ഥ്യമുണ്ടായി കുഴഞ്ഞു വീഴുകയായിരുന്നു.

✪✪✪

കോഴിക്കോട് ചേവായൂർ ബാങ്ക് തെരഞ്ഞെടുപ്പ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ന് ഹൈക്കോടതിയെ സമീപിക്കുമെന്ന് DCC പ്രസിഡന്റ് K.പ്രവീൺകുമാർ അറിയിച്ചു. വോട്ടർമാരെ ഭിഷണിപ്പെടുത്തിയും കള്ളവോട്ട് ചെയ്തുമാണ് ബാങ്ക് ഭരണം പിടിച്ചെടുത്തതെന്നാണ് കോൺഗ്രസ് ആരോപണം.

✪✪✪

ചേവായൂർ സർവീസ് സഹകരണ ബാങ്ക് തിരഞ്ഞെടുപ്പ് റദ്ദു ചെയ്യണമെന്ന് BJP ജില്ലാപ്രസിഡന്റ് VK സജീവൻ ആവശ്യപ്പെട്ടു. തിരഞ്ഞെടുപ്പു ദിവസം BJPയുടെ പുതിയറ മണ്ഡലം പ്രസിഡന്റിനേയും നോർത്ത് മണ്ഡലം ജനറൽ സെക്രട്ടറിയേയും മർദ്ദിച്ചതിനെതിരെ സംഘടിപ്പിച്ച പ്രതിഷേധ പരിപാടി ബാങ്കിന് മുന്നിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിയമപരമായി BJP ആക്ഷേപമുന്നയിക്കുമെന്നും സജീവൻ പറഞ്ഞു.

✪✪✪

കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ എൻഡ് സേഫ്റ്റി ഏരിയ വികസനത്തിന് മണ്ണെടുക്കുന്നതിന് തടസം നീങ്ങി. മണ്ണെടുപ്പിനു നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കിയതിനെ തുടർന്നാണിത്. മണ്ണെടുപ്പ് നിയന്ത്രണങ്ങൾ വിമാനത്താവള റെസ വികസനത്തിന് പ്രയാസം സ്രഷ്ടിക്കുന്നതായി എയർപോർട്ട് ഉപദേശക സമിതി യോഗത്തിൽ അഭിപ്രായം ഉയർന്നിരുന്നു.

സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടൽ ഗുണകരമാവുമെന്ന് ഉപദേശക സമിതി ചെയർമാൻ ET മുഹമ്മദ് ബഷീർ MP പറഞ്ഞു. റെസ നവീകരണം പൂർത്തിയാവുന്നതോടെ പഴയ പ്രതാപത്തിലേക്ക് തിരിച്ചെത്തും വിധം വൈഡ് ബോഡി സർവീസുകളും കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് പുനരാരംഭിക്കാനാവുമെന്ന പ്രതീക്ഷയിലാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪